# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 917 — 04.03.2020 ൽ മറുപടിയ്ക്ക്

## ഐ.ടി.ഐ.കളിൽ ആധുനിക കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** ആധുനിക തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിലെ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ഐ.ടി.ഐ.കൾ മുഖേന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | **(എ)** സംസ്ഥാനത്ത് യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനുമായി ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1)**പുതിയ ഐ.ടി.ഐ സ്ഥാപിക്കൽ**<br>സംസ്ഥാനത്ത് യുവജനങ്ങളെ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനായി ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഇതിനകം വിവിധ ജില്ലകളിലായി 17 പുതിയ ഐ.ടി.ഐ കൾ ആരംഭിച്ചിട്ടുണ്ട്. 2020 - 2021 സാമ്പത്തിക വർഷം 5 പുതിയ ഐ.ടി.ഐ.കൾ കൂടി ആരംഭിക്കുന്നതാണ്.<br>2. **ഇൻഡസ്ട്രികളുമായുള്ള സഹകരണം**<br>ഐടിഐകളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ വ്യവസായ പ്രമുഖരുമായി വിവിധ ഐ.ടി.ഐ.കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.<br>3. **ജോബ് ഫെയർ**<br>വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി ജില്ലാതലത്തിലും മേഖലാതലത്തിലും ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്. |

4. **പ്ലേസ്മെന്റ് സെൽ**

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ.കളിൽ പ്രവർത്തിച്ചു വരുന്നു.

5. **ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം**

സർക്കാർ ഐ.ടി.ഐ.കളിൽ പഠനമികവ് പുലർത്തുന്നവർക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെരഞ്ഞെടുത്ത 57 ട്രെയിനികൾക്ക് സിംഗപ്പൂരിൽ വച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

6. **സംരംഭകത്വ വികസന ക്ലബ്**

വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.കളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുകയെന്നതാണ് ഈ ക്ലബ്ബുകൾ മുഖേന ലക്ഷ്യമിടുന്നത്. ഇതോടൊപ്പം നൈപുണ്യ പ്രവൃത്തികളിൽ പുതുതലമുറയെ സജ്ജമാക്കുന്ന പരിശ്രമത്തിലും പ്രധാന പങ്ക് വഹിക്കുന്നു.

7. **NSQF സിലബസ് നടപ്പിലാക്കൽ**

NSQF സിലബസ് അനുസരിച്ചുള്ള പരിശീലന പദ്ധതി 2018-19 വർഷം മുതൽ ഐ.ടി.ഐകളിൽ നടപ്പിലാക്കി വരുന്നു.

8. **കാലാഹരണപ്പെട്ട ട്രേഡുകളുടെ റിവാംബിംഗ്**

ഐടിഐകളിൽ നിലവിലുള്ളതും കാലാഹരണപ്പെട്ടതുമായ ട്രേഡുകൾ റീവാംമ്പ് ചെയ്ത് തൊഴിൽ സാധ്യതയുള്ളതും നൂതനവുമായ പുതിയ ട്രേഡുകൾ കാലാകാലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| **(ബി)** ഇതുമായി ബന്ധപ്പെട്ട് ഐ.ടി.ഐ. കളിൽ തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ള ആധുനിക കോഴ്സുകൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ? | **(ബി)** മൾട്ടി മീഡിയ ആനിമേഷൻ സ്പെഷ്യൽ ഇഫക്ട്സ്, സോഫ്റ്റ് വെയർ ടെസ്റ്റിംഗ് അസിസ്റ്റന്റ്, ഡേറ്റാ ബേസ് സിസ്റ്റം അനലിസ്റ്റ്, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, സിസ്റ്റം മെയിന്റനൻസ് എന്നീ ആധുനിക കോഴ്സുകൾ ഐ.ടി.ഐ.കളിൽ ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ STRIVE പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് ഓഫ് തിങ്സ് (IOT), സോളാർ ടെക്നീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന് (DGT) നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ